# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 15.09.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) പരസ്പര ബഹുമാനവും താൽപ്പര്യവും മുൻനിർത്തി ഇരു രാജ്യങ്ങളുടെയും ആശങ്കകൾ കൈകാര്യം ചെയ്യണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി, ചൈനീസ് പ്രസിഡൻറിനോട് ആവശ്യപ്പെട്ടതായി വിദേശകാര്യ മന്ത്രാലയം.

   **The Ministry of External Affairs stated that Prime Minister Narendra Modi urged the Chinese President to address the concerns of both nations based on mutual respect and shared interests.**

2) പ്രതിരോധ മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് സായുധ സേനകളും ഗവേഷണ സ്ഥാപനങ്ങളും വ്യവസായ മേഖലയും യോജിച്ചു പ്രവർത്തിക്കണമെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്.

   **Defence Minister Rajnath Singh emphasized the need for the armed forces, research institutions, and the industrial sector to work together to achieve self-reliance in the defence sector.**

3) പങ്കാളിത്തം, സംവാദം, സമത്വം, ഭരണഘടനാ മൂല്യങ്ങൾ എന്നിവയിൽ ഉറച്ചുനിൽക്കുന്ന ഏറ്റവും വലിയ ജനാധിപത്യ രാജ്യമാണ് ഇന്ത്യയെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു.

   **Union Minister Kiren Rijiju stated that India is the largest democracy, steadfastly upholding the values of participation, dialogue, equality, and constitutional principles.**

4) പുതിയ നിയമനങ്ങൾ നടക്കുന്നത് വരെ, വിരമിക്കുന്ന പ്രിസൈഡിംഗ് ഓഫീസർമാരുടെ കാലാവധി നീട്ടുന്നത് പരിഗണിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ട് സുപ്രീം കോടതി.

**The Supreme Court asked the Centre to consider extending the tenure of retiring presiding officers until new appointments are made.**

5) വയോജന പരിചരണത്തിനായി സമഗ്ര നിയമനിർമാണവുമായി കേരളം മുന്നോട്ടുപോകുമെന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ.

**Chief Minister V.D. Satheesan announced that Kerala would move forward with comprehensive legislation for the care of the elderly.**

6) അഫ്ഗാനിസ്ഥാനെതിരായ പുരുഷ ടി-20 ക്രിക്കറ്റിൽ ഇന്ത്യക്ക് ഫീൽഡിംഗ്.

**India is fielding first in the men's T20 cricket match against Afghanistan.**

## MEA- BRIEFING ( INTRO )

ന്യൂഡൽഹിയിൽ നടന്ന പതിനെട്ടാമത് ബ്രിക്സ് ഉച്ചകോടിയോട് അനുബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദിയും ചൈനീസ് പ്രസിഡൻറ് ഷി ജിൻപിംഗും തമ്മിൽ നടത്തിയ കൂടിക്കാഴ്ചയിൽ നിരവധി വിഷയങ്ങൾ ചർച്ചയായതായി വിദേശകാര്യ മന്ത്രാലയം. പരസ്പര ബഹുമാനവും, താൽപ്പര്യവും, സംവേദന ക്ഷമതയും മുൻനിർത്തി ഇരു രാജ്യങ്ങളുടെയും ആശങ്കകൾ കൈകാര്യം ചെയ്യണമെന്ന് പ്രധാനമന്ത്രി ചൈനീസ് സിഡൻറിനോട് ആവശ്യപ്പെട്ടതായി വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

(ഹോൾഡ് വോയിസ് )

ഒമാൻ തീരത്ത് 'എംടി എൽ ഗയ' വാണിജ്യ കപ്പലിനുനേരെയുണ്ടായ ആക്രമണം അംഗീകരിക്കാനാവില്ലെന്നും വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി. കപ്പലിലുണ്ടായിരുന്ന 14 ഇന്ത്യൻ നാവികരിൽ 13 പേരെ രക്ഷപ്പെടുത്തിയതായും, കാണാതായ ഒരാൾക്കായുള്ള തിരച്ചിൽ ഒമാൻ അധികൃതരുടെ സഹായത്തോടെ തുടരുകയാണെന്നും ശ്രീ ജയ്സ്വാൾ അറിയിച്ചു.

## SC- TRIBUNALS EXTENSION

പുതിയ നിയമനങ്ങൾ നടക്കുന്നത് വരെ, വിരമിക്കുന്ന പ്രിസൈഡിംഗ് ഓഫീസർമാരുടെയും അർദ്ധ-നീതിന്യായ ബോഡികളിലെ അംഗങ്ങളുടെയും

കാലാവധി ഒരു മാസത്തേയ്ക്കെങ്കിലും നീട്ടുന്നത് പരിഗണിക്കണമെന്ന് സുപ്രീം കോടതി കേന്ദ്രത്തോട് ആവശ്യപ്പെട്ടു. ഒഴിവുകൾ നികത്താത്തതിനാൽ ട്രൈബ്യൂണലുകളുടെ പ്രവർത്തനം നിലയ്ക്കാൻ പാടില്ലെന്ന കോടതി നിരീക്ഷണത്തെ തുടർന്നാണ് നടപടി. അതേസമയം പുതിയ നിയമനങ്ങൾക്കുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞതായും അതിനാൽ കാലാവധി നീട്ടുന്നത് പരിഗണിക്കേണ്ടതില്ലെന്നുമുള്ള കേന്ദ്ര നിലപാട് അറ്റോർണി ജനറൽ ആർ. വെങ്കട്ടരമണി കോടതിയെ അറിയിച്ചു.

## RIJIJU- DEMOCRACY DAY

പങ്കാളിത്തം, സംവാദം, സമത്വം, ഭരണഘടനാ മൂല്യങ്ങൾ എന്നിവയിൽ ഉറച്ചുനിൽക്കുന്ന ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമാണ് ഇന്ത്യയെന്ന് പാർലമെന്ററികാര്യ മന്ത്രി കിരൺ റിജിജു. അന്താരാഷ്ട്ര ജനാധിപത്യ ദിനത്തോടനുബന്ധിച്ച് സമൂഹമാധ്യമത്തിൽ പങ്കുവെച്ച കുറിപ്പിലാണ് ഇക്കാര്യം പറഞ്ഞത്. ഓരോ പൗരനും ശബ്ദം ഉയർത്താൻ അവസരം നൽകുന്ന ജനാധിപത്യത്തിൻറെ അന്തഃസത്ത ആഘോഷിക്കാൻ അദ്ദേഹം പൗരന്മാരോട് ആഹ്വാനം ചെയ്തു.

## RAJNATH SINGH (INTRO)

പ്രതിരോധ മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് സായുധ സേനകളും ഗവേഷണ സ്ഥാപനങ്ങളും വ്യവസായ മേഖലയും തമ്മിൽ യോജിച്ച പ്രവർത്തനം അത്യാവശ്യമാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ന്യൂഡൽഹിയിൽ DRDO- ഇൻഡസ്ട്രി സിനർജി മീറ്റ്- വിമർശ് 2026 നെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്ത് പ്രതിരോധ സ്റ്റാർട്ടപ്പുകളുടെ ഒരു പുതിയ തരംഗം ഉയർന്നുവരുന്നതായും എംഎസ്എംഇകൾ ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലാണെന്നും അദ്ദേഹം പറഞ്ഞു. ഗുണനിലവാരം, വിതരണം, നവീകരണം, ആഗോള നിലവാരം എന്നിവയിൽ എംഎസ്എംഇകൾ നിരന്തരം ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും ശ്രീ സിങ് അഭിപ്രായപ്പെട്ടു.
(വോയിസ്)

## AUSTRALIAN ENVOY-INDIA

ആഗോള വേദിയിൽ ഇന്ത്യയുടെ വർദ്ധിച്ചുവരുന്ന പങ്കിനെ പ്രശംസിച്ച് ഓസ്ട്രേലിയൻ ഹൈക്കമ്മീഷണർ ഫിലിപ്പ് ഗ്രീൻ. ഇന്ത്യ ആതിഥേയത്വം വഹിച്ച ബ്രിക്സ് ഉച്ചകോടിയെക്കുറിച്ച് ഒരു വാർത്താ ഏജൻസിയോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ക്വാഡ് കൂട്ടായ്മയുടെ പ്രവർത്തനങ്ങളിലെ പുരോഗതി എടുത്തുപറഞ്ഞ ഓസ്ട്രേലിയൻ ഹൈക്കമ്മീഷണർ, കൃഷി, സാങ്കേതികവിദ്യ, ആരോഗ്യം എന്നീ മേഖലകളിൽ ഇന്ത്യ-ഓസ്ട്രേലിയ സഹകരണം കൂടുതൽ ശക്തമാക്കുന്നതിനുള്ള സാധ്യതകളും വിശദീകരിച്ചു.

## SC-EDUCATION

14 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസമോ മതപരമായ അറിവോ നൽകുന്ന സ്ഥാപനങ്ങളെ നിയന്ത്രിക്കാനാവശ്യപ്പെട്ടുള്ള ഹർജി പരിഗണിക്കണമെന്ന ഉത്തരവ് നടപ്പാക്കാത്തതിനെതിരെ സമർപ്പിച്ച കോടതിയലക്ഷ്യ ഹർജിയിൽ മറുപടി തേടി സുപ്രീം കോടതി. കേന്ദ്ര വിദ്യാഭ്യാസ സെക്രട്ടറിയോട് നാല് ആഴ്ചയ്ക്കകം മറുപടി നൽകാനാണ് കോടതി ആവശ്യപ്പെട്ടത്.

## ENGINEERS DAY

ദേശീയ എൻജിനീയേഴ്സ് ദിനത്തിൽ ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്, കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ എന്നിവർ ഭാരതരത്ന എം വിശ്വേശ്വരയ്യക്ക് ആദരാഞ്ജലികൾ അർപ്പിച്ചു.രാജ്യത്തിന്റെ ഭാവിക്കായി നിർമ്മാണത്തിലും നവീകരണത്തിലും പരിഹാരങ്ങൾ കണ്ടെത്തുന്നതിലും എഞ്ചിനീയർമാർ നൽകുന്ന സംഭാവനകളെ പ്രധാനമന്ത്രി അഭിനന്ദിച്ചു.

## SPECIAL CAMPAIGN- PORTAL

സർക്കാർ ഓഫീസുകളിൽ സമ്പൂർണ്ണ ശുചിത്വ സംസ്കാരം ഉറപ്പാക്കുന്നതിനായി, അടുത്ത മാസം 2 മുതൽ കേന്ദ്ര സർക്കാർ പ്രത്യേക പ്രചാരണം ആരംഭിക്കും. ഒക്ടോബർ 31 വരെ തുടരുന്ന പ്രചാരണ പരിപാടിയുടെ പുരോഗതി നിരീക്ഷിക്കുന്നതിനുള്ള വെബ് പോർട്ട കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ് നാളെ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. പൗരകേന്ദ്രീകൃത

പ്രവർത്തനങ്ങൾ, ഇ-വേസ്റ്റ് ശേഖരണം, തരംതിരിക്കൽ, സംസ്കരണം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചാണ് പ്രചാരണം.

## ELDERLY BILL

സംസ്ഥാന വയോജന പരിചരണ അവകാശ സംരക്ഷണ ബിൽ-2026 സംബന്ധിച്ച് മുഖ്യമന്ത്രി വി.ഡി സതീശൻ അവലോകന യോഗം നടത്തി. ബില്ലിൻറെ നടപടികൾ വേഗത്തിലാക്കുമെന്നും നിയമ നിർമാണവുമായി സംസ്ഥാന സർക്കാർ ഉടൻ മുന്നോട്ടുപോകുമെന്നും മുഖ്യമന്ത്രി അറിയിച്ചു. വയോജനങ്ങളുടെ പരിചരണം, ക്ഷേമം, അന്തസ്സ്, അവകാശ സംരക്ഷണം എന്നിവ ഉറപ്പാക്കുന്നതാണ് ബിൽ. വയോജന പരിചരണ കേന്ദ്രങ്ങൾ, പകൽവീടുകൾ, ഹോം കെയർ ഏജൻസികൾ തുടങ്ങിയ സേവനങ്ങൾക്ക് ആവശ്യമായ നിലവാരവും ഉത്തരവാദിത്തം ഉറപ്പാക്കലും ബില്ലിൽ വിഭാവനം ചെയ്യുന്നു.

## KERALAM-POWER CUT

കേരളത്തിലെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ യുദ്ധകാലാടിസ്ഥാന ത്തിൽ നടപടികൾ സ്വീകരിച്ചു വരികയാണെന്ന് വൈദ്യുതി മന്ത്രി സണ്ണി ജോസഫ്. ഇതിനായി ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങുന്ന കാര്യം സർക്കാർ ആലോചിക്കുന്നുണ്ടെന്നും, പവർ കട്ടുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഉടൻ പരിഹരിക്കപ്പെടുമെന്നും മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു. അതേസമയം സംസ്ഥാനത്ത് ഇന്ന് രാത്രി 12:45 വരെയുള്ള സമയത്ത് വൈദ്യുതി നിയന്ത്രണത്തിന് സാധ്യതയെന്ന് കെ എസ് ഇ ബി അറിയിച്ചു.

## SHIBU BABY JOHN

പരിസ്ഥിതിലോല നിയമപ്രകാരം കർഷകരുടെ ഭൂമി നിർബന്ധിതമായി പിടിച്ചെടുക്കില്ലെന്നും ജനവാസ കേന്ദ്രങ്ങളെ പരിസ്ഥിതിലോല പ്രദേശ പരിധിയിൽ നിന്ന് ഒഴിവാക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തു മെന്നും മന്ത്രി ഷിബു ബേബി ജോൺ. കർഷക സംഘടനാ പ്രതിനിധികളുമായി തിരുവനന്തപുരത്ത് നടത്തിയ ചർച്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വന്യജീവി ആക്രമണങ്ങളിൽ വിളനാശമുണ്ടാകുന്ന കർഷകർക്കുള്ള

നഷ്ടപരിഹാരം ഗണ്യമായി വർധിപ്പിച്ച് സമയബന്ധിതമായി നൽകുമെന്നും മന്ത്രി ഉറപ്പുനൽകി.

## DISASTER RELIEF FUND

പ്രളയജലം കയറി നാശനഷ്ടം സംഭവിച്ച പത്തനംതിട്ട ജില്ലയിലെ വീടുകൾ വാസയോഗ്യമാക്കാൻ ഒരു കുടുംബത്തിന് പതിനായിരം രൂപ വീതം അനുവദിച്ചു, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി, സംസ്ഥാന ദുരന്ത പ്രതികരണ നിധി എന്നിവയിൽ നിന്നാണ് ഇതിനാവശ്യമായ 25.64 കോടി രൂപ അനുവദിച്ചത്. ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്കാവും തുക കൈമാറുക.

## RAIN (INTRO)

കേരളത്തിൽ പലയിടങ്ങളിലും ഇന്നു വൈകിട്ടും നാളെയും മഴയ്ക്ക് സാധ്യത. മൂന്നു ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.

(VOICE)

## MOU – PFRDA

ഗ്രാമീണമേഖലയിലെ വീടുകളിൽ പെൻഷൻ അവബോധവും വിരമിക്കൽ സുരക്ഷയും ഉറപ്പാക്കുന്നതിനായി കേന്ദ്ര ഗ്രാമവികസന വകുപ്പും പെൻഷൻ ഫണ്ട് റെഗുലേറ്ററി ആൻഡ് ഡെവലപ്മെൻറ് അതോറിറ്റിയും തമ്മിൽ ധാരണാപത്രം ഒപ്പുവെച്ചു. ദീൻദയാൽ അന്ത്യോദയ യോജന-നാഷണൽ റൂറൽ ലൈവ്ലിഹുഡ്സ് മിഷന് കീഴിൽ രൂപീകരിച്ച പെൻഷൻ സഖിമാർ, മറ്റ് പരിശീലനം ലഭിച്ച കമ്മ്യൂണിറ്റി റിസോഴ്സ് വ്യക്തികൾ എന്നിവരടങ്ങുന്ന സന്നദ്ധ പ്രവർത്തകരുടെ വിപുലമായ ശൃംഖലയെ പ്രയോജനപ്പെടുത്തിയാണ് പരിപാടി നടപ്പാക്കുന്നത്.

## US-IRAN

വ്യവസ്ഥകൾ അംഗീകരിച്ചില്ലെങ്കിൽ അമേരിക്കയുമായി ചർച്ചയ്ക്കില്ലെന്ന് വ്യക്തമാക്കി ഇറാൻ. ഇറാൻ സുപ്രീം നാഷണൽ സെക്യൂരിറ്റി കൗൺസിൽ സെക്രട്ടറി മൊഹ്സെൻ റെസായിയാണ് സമൂഹമാധ്യമത്തിലൂടെ നിലപാട് അറിയിച്ചത്. ടെഹ്റാൻ ഒരു കരാറിന് ആഗ്രഹിക്കുന്നുവെന്നും അതിനാൽ വാഷിംഗ്ടന് ചർച്ചകൾ പുനരാരംഭിക്കാൻ കഴിയുമെന്നും യുഎസ് പ്രസിഡൻറ് ഡൊണാൾഡ് ട്രംപ് കഴിഞ്ഞ ദിവസം നടത്തിയ അവകാശ വാദത്തിനുള്ള മറുപടിയായാണ് പ്രതികരണം.

## IND-AFG CRICKET

അഫ്ഗാനിസ്ഥാനെതിരായ പുരുഷ ടി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ടോസ് നേടിയ ഇന്ത്യ ഫീൽഡിംഗ് തെരഞ്ഞെടുത്തു. ന്യൂഡൽഹിയിലെ അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിലാണ് മത്സരം.

## US - FEDERAL JUDGE

വിദേശ വിദ്യാർത്ഥികളുടെയും മാധ്യമപ്രവർത്തകരുടെയും അമേരിക്കയിലെ താമസ കാലാവധിയിൽ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന ട്രംപ് ഭരണകൂടത്തിൻറെ പുതിയ ഉത്തരവ് താൽക്കാലികമായി തടഞ്ഞ് യു.എസ് ഫെഡറൽ കോടതി. ഈ നയം നടപ്പിലാക്കുന്നത് അമേരിക്കൻ സമ്പദ് വ്യവസ്ഥയ്ക്കും ഉന്നതവിദ്യാഭ്യാസ മേഖലയ്ക്കും വലിയ ആഘാതം സൃഷ്ടിക്കുമെന്ന് കോടതി നിരീക്ഷിച്ചു.